ഉത്തരം

(എ) ഇല്ല. എന്നാൽ 1998-ൽ സംസ്ഥാന സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ച തുടർ വിദ്യാഭ്യാസ പരിപാടി സംസ്ഥാന സാക്ഷരതാ മിഷൻ വിലയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. പ്രേരക്മാർക്ക് നിലവിൽ നൽകിവരുന്ന ഓണറേറിയം അപര്യാപ്തമാണെന്ന് കണ്ടതിനാൽ സർക്കാർ രണ്ട് ഘട്ടങ്ങളായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ഡി) ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം

268 (T*3555) ശ്രീ. എളമരം കരീം : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തേക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ 2014 സെപ്റ്റംബർ 30 വരെ എത്ര ശതമാനം തുക ചെലവഴിച്ചു ; വിശദമാക്കാമോ ;

(ബി) ശേഷിക്കുന്ന തുക ഈ സാമ്പത്തിക വർഷം ചെലവഴിക്കുമെന്ന് ഉറപ്പുണ്ടോ ?

ഉത്തരം

(എ) 30-9-2014 വരെ താത്ക്കാലിക കണക്ക് പ്രകാരം പതിനാലു ശതമാനം തുക (667.19 കോടി രൂപ) ചെലവഴിച്ചു.

(ബി) ശേഷിക്കുന്ന തുക ഈ സാമ്പത്തിക വർഷം ചെലവഴിക്കുമെന്ന് ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നുവെന്ന പരാതി

269(3556) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ കുറവുകാരണം വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അസിസ്റ്റൻറ് എഞ്ചിനീയർ, ഓവർസീയർ ഗ്രേഡ് II, ഗ്രേഡ് I എന്നിങ്ങനെ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ലിസ്റ്റ് നിലവിലുണ്ടെങ്കിൽ നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് പറയുമോ ;

(ഇ) കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവർ ഇല്ലാത്തത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അസിസ്റ്റന്റ് എഞ്ചിനീയർ : 85

1-ാം ഗ്രേഡ് ഓവർസിയർ : 217

2-ാം ഗ്രേഡ് ഓവർസിയർ : 53

(സി) റാങ്ക് ലിസ്റ്റുകൾ നിലവിലില്ല.

(ഡി) ബാധകമല്ല

(ഇ) കോഴിക്കോട് ജില്ലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നീ തസ്തികകളിൽ ഒഴിവുകൾ ഉള്ള പഞ്ചായത്തുകൾ അനുബന്ധമായി കൊടുക്കുന്നു.*

തെരുവ് നായ്ക്കൾ

270 (3557) ശ്രീ. പി. തിലോത്തമൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവ് നായ്ക്കൾ നാട്ടിലെമ്പാടും പെരുകുകയും ജനജീവിതം തന്നെ ഭീതിജനകവുമായിരിക്കുകയും ചെയ്തിട്ടും തെരുവു നായ്ക്കളെ നിയന്ത്രിക്കുന്നതിന് നടപടികൾ ഏറ്റെടുക്കാത്തത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly